15. സുനാമി പദ്ധതി :

സുനാമിബാധിത പ്രദേശങ്ങളിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് 5.5 കോടി രൂപ ലഭിക്കുകയും അത് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

16. കുട്ടനാട്/ഇടുക്കി പാക്കേജുകൾ :

അത്യുല്പാദനശേഷിയുള്ള കറവപ്പശുക്കളെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാനുള്ള പദ്ധതിക്കായി ഒരു ഗുണഭോക്താവിന് 30,000 രൂപ പ്രകാരം സബ്സിഡി അനുവദിക്കുന്നതിനായി പദ്ധതി നിർവ്വഹണ ഏജൻസിയായ കെ.എൽ.ഡി. ബോർഡ് മുഖേന മൃഗസംരക്ഷണ വകുപ്പിന് ഇന്ത്യാ ഗവൺമെന്റിന്റെ ധനസഹായം ലഭിക്കുകയും മേൽത്തുക ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലാ മൃഗസംരക്ഷണ ഓഫീസർമാർക്ക് കൈമാറി പദ്ധതി നിർവ്വഹണ നടപടികൾ ജില്ലാ തലത്തിൽ സ്വീകരിച്ചുവരികയും ചെയ്യുന്നു.

കന്നുകുട്ടികൾക്ക് കാലിത്തീറ്റ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിന് കന്നുകുട്ടി ഒന്നിന് 7300 രൂപ വീതം 1000 കന്നുകുട്ടികൾക്കുള്ള തുകയായ 73 ലക്ഷം രൂപ പദ്ധതി നിർവ്വഹണ ഓഫീസർമാർക്ക് കൈമാറുകയും പദ്ധതി നിർവ്വഹണത്തിനുള്ള നടപടികൾ ജില്ലാതലത്തിൽ സ്വീകരിച്ചു വരികയും ചെയ്യുന്നു.

17. വെറ്ററിനറി സർവ്വകലാശാല :

മൃഗസംരക്ഷണമേഖലയുടെ അഭിവൃദ്ധിക്കായി വെറ്ററിനറി സർവ്വകലാശാല സ്ഥാപിക്കുന്നതിന് ഓർഡിനൻസ് പുറപ്പെടുവിക്കുകയും തുടർന്നുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

(ബി) വെറ്ററിനറി സബ്സെന്ററുകളും, ആശുപത്രികളും മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സബ്സെന്ററുകൾ കേന്ദ്രീകരിച്ച് വളർത്തു മൃഗപരിപാലനത്തെക്കുറിച്ചും മറ്റും ബോധവൽക്കരണ പരിപാടികൾ നടത്തുന്നുണ്ട്.

വെറ്ററിനറി ഡോക്ടർമാരുടെ കുറവ് പരിഹരിക്കുന്നതിന് നടപടി

104 (4455) ശ്രീ ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ഭക്ഷ്യസുരക്ഷാ പദ്ധതിയിലേക്കായും ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ ഉത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിലേക്കായും എന്തെല്ലാം പദ്ധതികളാണ് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരം പദ്ധതികൾ വേണ്ട രീതിയിൽ നടപ്പിലാക്കാൻ യോഗ്യരായിട്ടുള്ളവരുടെ അഭാവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്ത് ജന്തുജന്യരോഗങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി സംസ്ഥാനാതിർത്തികളിൽ പക്ഷിമൃഗാദികളുടെ പരിശോധനയ്ക്ക് ആവശ്യമായിട്ടുള്ള വെറ്ററിനറി ഡോക്ടർമാർ ഇല്ലെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സംസ്ഥാനത്ത് പുതുതായി വെറ്ററിനറി ഹോസ്പിറ്റലുകൾ നിലവിൽ വന്നിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ആനുപാതികമായി വെറ്ററിനറി ഡോക്ടർമാരുടെ എണ്ണത്തിൽ വർദ്ധന വരുത്തിയിട്ടുണ്ടോ ;

(എഫ്) സംസ്ഥാനത്ത് ജില്ലാ വെറ്ററിനറി ഹോസ്പിറ്റലുകളിൽ 24 മണിക്കൂർ സേവനം ഇപ്പോൾ ലഭ്യമാണോ ; ഇല്ലെങ്കിൽ ഇതിനായിട്ടുള്ള നടപടികൾ സ്വീകരിക്കുമോ ;

(ജി) സംസ്ഥാനത്ത് കുളമ്പുരോഗ നിർമ്മാർജ്ജന യജ്ഞ പരിപാടി വേണ്ട രീതിയിൽ നടപ്പിലാക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് അധികമായി വെറ്ററിനറി ഡോക്ടർമാരുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ ;

(എച്ച്) ഇല്ലെങ്കിൽ മൃഗസംരക്ഷണ വകുപ്പിലെ വെറ്ററിനറി ഡോക്ടർമാരുടെ ക്ഷാമം പരിഹരിക്കുന്നതിലേക്കായി വെട്ടിക്കുറച്ച 30 തസ്തികകൾ പുനഃസ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഇതിൻമേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;.

(ഐ) വിദർഭ പാക്കേജ്, കുട്ടനാട് പാക്കേജ്, സുനാമി പുനരധിവാസ പദ്ധതി, ലൈവ് സ്റ്റോക്ക് ഇൻഷ്വറൻസ് പദ്ധതി, ഭക്ഷ്യസുരക്ഷാ പദ്ധതി തുടങ്ങിയ പല സുപ്രധാന പദ്ധതികളും മൃഗസംരക്ഷണവകുപ്പിൽ ആവശ്യത്തിന് വെറ്ററിനറി സർജൻമാർ ഇല്ലായെന്നുള്ള കാരണത്താൽ ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കുന്നില്ലായെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ ഭക്ഷ്യ സുരക്ഷാ പദ്ധതിയിലേയ്ക്കായും ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിലേയ്ക്കായും താഴെപ്പറയുന്ന പദ്ധതികളാണ് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കി വരുന്നത്.

അരി, പച്ചക്കറി, പാൽ, മുട്ട ഇവയുടെ ഉൽപ്പാദനം ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാന ഭക്ഷ്യസുരക്ഷയുടെ ഒരു പദ്ധതി 2008-09-ൽ ആരംഭിക്കുകയുണ്ടായി. ആയതിന്റെ തുടർച്ചയായി 2009-10-ൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ മൃഗസംരക്ഷണ വകുപ്പിന്റേയും ക്ഷീരവികസന വകുപ്പിന്റേയും ഇടപെടലുകൾ വഴി പാലിന്റെയും മുട്ടയുടെയും ഉൽപ്പാദനം ത്വരിതപ്പെടുത്തുവാൻ കഴിഞ്ഞ സാമ്പത്തിക വർഷം സംയോജിത കന്നുകാലി ഉൽപ്പാദനത്തിന്

LIBRARY ARCHIVES Kerala Legislative Assembly

700 ലക്ഷം രൂപയും വെറ്ററിനറി സർവ്വീസിനുള്ള സഹായമായി 20 ലക്ഷം രൂപയും ബഡ്ജറ്റിൽ വകകൊള്ളിക്കുകയും പദ്ധതി നിർവ്വഹണം നടത്തുകയും ചെയ്തു. ഈ പദ്ധതി മുഖേന 5000 ഗർഭിണികിടാരികളെ കർഷകർക്ക് വിതരണം ചെയ്യുകയും ചെയ്തു. കൂടാതെ സംയോജിത കോഴി ഉൽപ്പാദനത്തിനായി ഒറ്റത്തവണ അധിക കേന്ദ്ര സഹായമായി 1000 ലക്ഷം രൂപയുടെ പദ്ധതിയും 2009-10 സാമ്പത്തിക വർഷം ആവിഷ്കരിക്കുകയുണ്ടായി. 4.16 ലക്ഷം ബി.പി.എൽ. കുടുംബങ്ങൾക്ക് രണ്ട് മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വീതം സൗജന്യമായി നൽകുന്ന പദ്ധതിയാണിത്.

കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ ഭാഗമായി മൃഗസംരക്ഷണ വകുപ്പ് 140 ലക്ഷം രൂപയുടെ സംയോജിത കന്നുകാലി വികസന പദ്ധതി പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് പാലക്കാട്, തൃശ്ശൂർ, പത്തനംതിട്ട എന്നീ ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. നെൽകൃഷി ചെയ്യുന്ന കർഷകർക്ക് ഒരു കറവപ്പശുവും 5 കോഴിക്കുഞ്ഞുങ്ങളെയും നൽകുന്ന പദ്ധതിയാണിത്. കർഷകർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ പദ്ധതിയിൻകീഴിൽ മുട്ടയും പാലും ഉൽപ്പാദിപ്പിക്കുന്നതിനായി 2010-11-ൽ 33 കോടി രൂപയ്ക്കുള്ള പദ്ധതി ആസൂത്രണം ചെയ്യുകയും ബഡ്ജറ്റിൽ തുക വകകൊള്ളിക്കുകയും ചെയ്തിട്ടുണ്ട്.

താഴെപ്പറയുന്നവയാണ് ഈ പദ്ധതിയുടെ ഘടകങ്ങൾ:

1. സംയോജിത കോഴി വികസനം - 1100 ലക്ഷം രൂപ
2. സംയോജിത കന്നുകാലി വികസനം - 900 ലക്ഷം രൂപ
3. വെറ്ററിനറി സർവ്വീസിനുള്ള സഹായം - 300 ലക്ഷം രൂപ
4. ബോധവൽക്കരണ പരിപാടികൾ - 50 ലക്ഷം രൂപ
5. ഭക്ഷ്യ സുരക്ഷയ്ക്കായി മാതൃക കർഷകർ വികസിപ്പിച്ച മാതൃകകൾ മെച്ചപ്പെടുത്തുന്നതിനുള്ള സഹായം - 500 ലക്ഷം രൂപ
6. കന്നുകാലി കർഷകർ, മറ്റു പുതുസംരംഭകർ എന്നിവർക്ക് യന്ത്രവൽക്കരണ സഹായം - 100 ലക്ഷം രൂപ
7. വനിതാ ഗ്രൂപ്പുകൾക്ക് ഭക്ഷ്യസുരക്ഷാ പരിപാടിക്കുള്ള സഹായം - 350 ലക്ഷം രൂപ

കൃഷി വകുപ്പിന്റെ ഭക്ഷ്യസുരക്ഷ പദ്ധതിയുടെ ഭാഗമായി മൃഗസംരക്ഷണ വകുപ്പ് മുഖേന പദ്ധതി നടപ്പിലാക്കുന്നതിന് 250 ലക്ഷം രൂപയുടെ ശുപാർശകൾ സമർപ്പിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഉണ്ട്. സംസ്ഥാനാതിർത്തികളിലുള്ള വകുപ്പിന്റെ 18 ചെക്ക്പോസ്റ്റുകളിൽ 16 എണ്ണത്തിലും വെറ്ററിനറി ഡോക്ടർമാരുടെ തസ്തികകൾ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ ആവശ്യമായ ഡോക്ടർമാരെ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഉണ്ട്. സംസ്ഥാനത്ത് ഒൻപത് മൃഗാശുപത്രികൾ പുതുതായി ആരംഭിച്ചു.

(ഇ) ഉണ്ട്.

(എഫ്) ലഭ്യമല്ല. നടപടികൾ സ്വീകരിച്ചുവരുന്നു.

(ജി & എച്ച്) മേൽ പദ്ധതി നടത്തിപ്പിന് ആവശ്യമായ വെറ്ററിനറി ഡോക്ടർമാർ അടക്കമുള്ള ഉദ്യോഗസ്ഥരുടെ തസ്തികകൾ പുനർവിന്യാസത്തിലൂടെ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

(ഐ) നിലവിലുള്ള ജീവനക്കാർ മുഖേന പദ്ധതി നടപ്പിലാക്കി വരുന്നു.

മാംസ സംസ്ക്കരണ പ്ലാന്റും ആധുനിക അറവുശാലയും

105 (4456) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പിന്റെ സഹായത്തോടെ മാംസസംസ്ക്കരണപ്ലാന്റും ആധുനിക അറവുശാലയും എവിടെയെങ്കിലും ആരംഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം നൽകുമോ ;

(സി) തിരുവമ്പാടി മണ്ഡലത്തിൽ മാംസ സംസ്ക്കരണ പ്ലാന്റും ആധുനിക അറവുശാലയും ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ കുത്താട്ടുകുളത്ത് ഇടയാറിലുള്ള മാംസ സംസ്ക്കരണ പ്ലാന്റ് 3.5 കോടി രൂപ ചെലവഴിച്ച് നവീകരിച്ചു. കൂടാതെ ചാലക്കുടിയിലും കുത്താട്ടുകുളത്ത് ഇടയാറും 31 കോടി രൂപ വീതം ചെലവ് വരുന്ന ഓരോ ആധുനിക മാംസ സംസ്ക്കരണ യൂണിറ്റുകൾ എം.പി.ഐ. യുടെ ആഭിമുഖ്യത്തിൽ കേന്ദ്ര സഹായത്തോടെ ആരംഭിക്കുന്നതിനുള്ള പ്രോജക്ട് കേന്ദ്ര സർക്കാരിന്റെ ഫുഡ് പ്രോസസ്സിംഗ് മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. വയനാട് ബ്രഹ്മഗിരി പ്രോജക്ടിന്റെ ഭാഗമായി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ 10 കോടി രൂപയുടെ ആധുനിക മാംസ സംസ്ക്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly